## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7895      16.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി.വൈ., തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണ-വിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽ നിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനാണ് ബോർഡ് ശ്രമിക്കുന്നത്. |
| (ബി) മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തുടങ്ങിയ തസ്തികകളിലെ പ്രോമോഷനും നിയമനവും കാലതാമസം കൂടാതെ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ബി) മസ്ദൂർ തസ്തികയിലെ നിയമനം ജില്ലാ അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ലൈൻമാന്റെയും ഓവർസീയറിന്റെയും പ്രമോഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) ജോലിക്കിടയിൽ മരണപ്പെടുന്ന ജീവനക്കാർക്കും മറ്റുള്ളവർക്കും നൽകിവരുന്ന നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്നതിനിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.<br>1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന് 18.01.2010-ൽ നിലവിൽ വന്ന ഭേദഗതി |

ഉത്തരവ് അനുസരിച്ച് 30.05.2010- മുതൽ നഷ്ടപരിഹാരം കണക്കാക്കുന്നതിന് മാസവേതനത്തിന്റെ പരിധി 4000/- രൂപയിൽ നിന്നും 8000/- രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഇതനുസരിച്ച് ജോലിക്കിടെ അപകട മരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് അവരുടെ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ നഷ്ടപരിഹാരമായി ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ ശവസംസ്കാര ചെലവിനുള്ള തുക 2,500/- രൂപയിൽ നിന്നും 5,000/- രൂപയായി 18.01.2010 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതിനുപരിയായി ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിയ്ക്കുന്ന ക്ലയിം തുക 2014 മുതൽ 8ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകി വരുന്നു.

കൂടാതെ ജോലിയിലിരിക്കെ മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന മരണാനന്തര ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും 2010 മുതൽ 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.